**സബ്മിഷൻ**

(1) കേന്ദ്രീയ വിദ്യാലയത്തിന് സ്ഥലം

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ തൃക്കാക്കരയിൽ ഒരു കേന്ദ്രീയ വിദ്യാലയം അനുവദിച്ചിട്ട് കുറേ നാളുകളായെങ്കിലും സ്ഥലം കിട്ടാത്തതുകൊണ്ട് തുടങ്ങാൻ കഴിഞ്ഞിട്ടില്ല. തൃക്കാക്കരയിൽ രണ്ട് സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഒന്ന് തുതിയൂരിലും മറ്റൊന്ന് തെങ്ങോട് പഴങ്ങനാട്ടുചാലിലുമാണ്. ഈ സ്ഥലം അടിയന്തരമായി വിട്ടുകൊടുത്ത് കേന്ദ്രീയ വിദ്യാലയം തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരളത്തിൽ തൃക്കാക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച കേന്ദ്രീയ വിദ്യാലയം യാഥാർത്ഥ്യമാക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. കിൻഫ്ര, സ്മാർട്ട് സിറ്റി എന്നിവയ്ക്ക് നൽകിയ ഭൂമിയിൽനിന്നും കേന്ദ്രീയ വിദ്യാലയ നിർമ്മാണത്തിനായി ഭൂമി ലഭ്യമായ സാഹചര്യത്തിൽ തുതിയൂരിൽ ഇന്ദിരാനഗർ കോളനിയിൽ മൂലമ്പിള്ളി പാക്കേജിന് അനുവദിച്ച

സ്ഥലത്തിൽ ബാക്കിയുള്ള സ്ഥലം കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചെങ്കിലും കേന്ദ്രീയ വിദ്യാലയ അധികൃതർ പരിശോധനയ്ക്കുശേഷം പ്രസ്തുത സ്ഥലം അനുയോജ്യമല്ലെന്ന് അഭിപ്രായപ്പെടുകയുണ്ടായി. തുടർന്ന് കാക്കനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 8-ൽ റീസർവ്വെ 692-ൽപ്പെട്ട 3.618 ഹെക്ടർ ഭൂമി ഈ ആവശ്യത്തിനായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത സ്ഥലം കേന്ദ്രീയ വിദ്യാലയ അധികൃതരും സെൻട്രൽ പി.ഡബ്ല്യു.ഡി. അധികൃതരും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധിച്ചിരുന്നു. പരിശോധനയിൽ കേന്ദ്രീയ വിദ്യാലയ അധികൃതരും സെൻട്രൽ പി.ഡബ്ല്യു.ഡി. അധികൃതരും സ്ഥലം അനുയോജ്യമാണെന്ന് അഭിപ്രായപ്പെട്ടു. എന്നാൽ ടി സ്ഥലം BTR പ്രകാരം 'കുളം പുറമ്പോക്ക് ' എന്ന വിഭാഗത്തിൽപ്പെട്ടതിനാൽ നിർമ്മാണത്തിന് അനുമതി ലഭിക്കുന്നതു സംബന്ധിച്ച് വിശദമായ പരിശോധനകൂടി നടത്തി മാത്രമേ റവന്യൂ വകുപ്പിന് അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. ഇതിനായുള്ള നിയമപരിശോധനയും സ്ഥലപരിശോധനയും നടന്നുവരുന്നു. ഇതോടൊപ്പംതന്നെ കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നതിനുള്ള സൗകര്യപ്രദവും അനുയോജ്യവുമായ മറ്റ് സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള

പ്രവർത്തനങ്ങളും നടന്നുവരുന്നു.

(2) ഡി.എൽ.എഡ്. കോഴ്സ് നോട്ടിഫിക്കേഷൻ

ശ്രീ. മോൻസ് ജോസഫ്: സർ, ഹയർ സെക്കണ്ടറി ഫലം പ്രസിദ്ധീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും സംസ്ഥാനത്തൊട്ടാകെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം കാത്തുകഴിയുന്ന ഡി.എൽ.എഡ്. കോഴ്സിന്റെ നോട്ടിഫിക്കേഷൻ നടത്തണമെന്നുള്ള ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ഡി.എൽ.എഡ്. കോഴ്സിന്റെ 2021-22 അദ്ധ്യയന വർഷത്തെ നോട്ടിഫിക്കേഷൻ വൈകുന്നതുമൂലം കേരളത്തിലെ 101 എയ്ഡഡ് ഗവൺമെന്റ് സ്ഥാപനങ്ങളിലും 157-ഓളം വരുന്ന സ്വാശ്രയ സ്ഥാപനങ്ങളിലുമായി 17500 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുന്ന കാര്യം അനിശ്ചിതത്വത്തിലായിരിക്കുകയാണ്. ഇത് പി.എസ്.സി.-യുടെ അനുവാദത്തിനുവേണ്ടി കാത്തിരിക്കുകയാണ്. കേരളത്തിലെ മറ്റൊരു കോഴ്സിനും പി.എസ്.സി.-യുടെ അനുവാദത്തിനുവേണ്ടി കാത്തിരിക്കേണ്ട കാര്യമില്ല. ഈ സ്ഥിതിവിശേഷംമൂലം വിദ്യാർത്ഥികൾ പ്രതിസന്ധിയിലായിരിക്കുകയാണ്. ഈ ആശങ്ക മാറ്റുന്നതിനുവേണ്ടി എത്രയുംപെട്ടെന്ന് നോട്ടിഫിക്കേഷൻ നടത്തുന്നതിനും ഡി.എൽ.എഡ്.

കോഴ്സിലേയ്ക്ക് അഡ്മിഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, 2020 മാർച്ച് 3-ാം തീയതി കൂടിയ നാഷണൽ കൗൺസിൽ ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (NCTE) 385-ാമത് സതേൺ റീജിയണൽ കമ്മിറ്റിയുടെ മീറ്റിംഗിൽ എൻ.സി.ടി.ഇ. മാനദണ്ഡങ്ങളനുസരിച്ച് പ്രവർത്തിക്കാത്ത സംസ്ഥാനത്തെ 20 ഗവൺമെന്റ് എയ്ഡഡ് ടി.ടി.ഐ.-കളിലെ ഡി.എൽ.എഡ്. കോഴ്സിന്റെ അഡ്മിഷൻ ഉടൻ നിർത്തിവയ്ക്കാൻ എൻ.സി.ടി.ഇ. ആവശ്യപ്പെട്ടതായി എൻ.സി.ഇ.ആർ.ടി. ഡയറക്ടർ അറിയിച്ചിരുന്നു. മറുപടിയുടെ ബാക്കിഭാഗം മേശപ്പുറത്തുവയ്ക്കുന്നു+.

(3) വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം

ശ്രീ. വി. കെ. പ്രശാന്ത്: സർ, തിരുവനന്തപുരം നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജംഗ്ഷനാണ് വട്ടിയൂർക്കാവ്. കഴിഞ്ഞ 30 വർഷമായി അവിടെ ട്രാഫിക് കുരുക്ക് കാരണം വലിയ പ്രയാസമനുഭവിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കിഫ്ബി വഴി 314 കോടി രൂപ അവിടത്തെ

+ അനുബന്ധമായി ചേർക്കുന്നു.

റോഡ് വികസനത്തിനും റീ-ഹാബിലിറ്റേഷനും അനുവദിച്ചിരുന്നു. റോഡ് വികസനം ചെയ്യുന്നത് കെ.ആർ.എഫ്.ബി.-യും റീഹാബിലിറ്റേഷൻ ചെയ്യുന്നത് ടിഡിയുമാണ്. അതുകൊണ്ട് ഈ കാര്യത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട സബ്മിഷനാണ് ശ്രീ. വി. കെ പ്രശാന്ത്, എം.എൽ.എ. ഉന്നയിച്ചത്. ജംഗ്ഷൻ വികസനത്തിനായി നൂറ് കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയാണ് ലഭിച്ചത്. അനുബന്ധ റോഡുകളുടെ വികസനവും പദ്ധതിയിൽ ഉൾപ്പെടുത്തി 199.4 കോടി രൂപയുടെ വിശദമായ പ്രോജക്ട് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 95 കോടി രൂപ സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി അനുവദിച്ചു. 50 ലക്ഷം രൂപ കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. അതിര് കല്ലുകൾ

സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ റവന്യൂ വിഭാഗത്തിൽ പൂർത്തിയാക്കിവരികയാണ്. ശാസ്തമംഗലം മുതൽ മണ്ണാറക്കോണം വരെയുള്ള ആദ്യറീച്ചിന്റെ കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം പൂർത്തിയായി. ബാക്കി രണ്ട് റീച്ചുകളുടെ മൂല്യനിർണ്ണയം പുരോഗമിക്കുകയാണ്.

ഒഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിന് എസ്.പി.വി. ആയി ട്രിഡയെ ആണ് നിയോഗിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ട്രിഡയും തദ്ദേശസ്വയം ഭരണ വകുപ്പും കിഫ്ബിയും തമ്മിൽ ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കും.

(4) <u>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വികസനം</u>

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ സൗകര്യം മെച്ചപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എട്ടോളം മണ്ഡലങ്ങളിൽനിന്ന് നൂറുകണക്കിന് രോഗികൾ വരുന്ന ഈ ആശുപത്രിയിൽ ഒരു മാസം 470

പ്രസവം നടക്കുന്നുണ്ട്. 250 ഡെയ്‌ലി കേസും 800-ഓളം വരുന്ന കുട്ടികളുടെ ഒ.പി.-യും നിത്യേന നടക്കുന്ന ഈ ആശുപത്രിയിൽ സൗകര്യം വളരെക്കുറവാണ്. അവിടെ മെച്ചപ്പെട്ട സൗകര്യം ഏർപ്പെടുത്തണം, ആവശ്യമായ സ്റ്റാഫിനെ നിയമിക്കണം, ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കണം തുടങ്ങിയ ആവശ്യങ്ങൾ അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം എന്നതാണ് എന്റെ സബ്മിഷൻ.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, തീരദേശമേഖലയിലെ പ്രധാനപ്പെട്ട ഒരു ആശുപത്രിയാണ് പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി. ബഹുമാന്യനായ അംഗം തന്നെ ഈ ആശുപത്രിയുടെ കാര്യം സംബന്ധിച്ചും വികസനം സംബന്ധിച്ചുമുള്ള കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. സബ്മിഷനിലുന്നയിച്ച പ്രകാരം ഈ ആശുപത്രിയുടെ തുടർവികസന പ്രവർത്തനങ്ങൾ നല്ല നിലയിൽ നടപ്പാക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ ഉൾപ്പെടെ വികസിപ്പിക്കുന്നതിനുമുള്ള കാര്യങ്ങൾ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് പരിശോധിക്കുന്നതാണ്. നിലവിലുള്ള എൻ.എച്ച്.എം. മുഖേന അനുവദിച്ചിട്ടുള്ള ഒരു കോടി 22 ലക്ഷം രൂപ

ചെലവഴിച്ചുകൊണ്ടുള്ള ബ്ലഡ് കമ്പോണന്റ് യൂണിറ്റിന്റെ നിർമ്മാണ പൂർത്തീകരണം എത്രയുംവേഗം നടത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ഇതുകൂടാതെ ഓക്സിജൻ പ്ലാന്റ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതുകൂടാതെ നഗരസഭ ഒരു കോടിയിലധികം രൂപ ഈ ആശുപത്രിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗവുമായി കൂടിയാലോചിച്ചുകൊണ്ട് ആശുപത്രിയുടെ തുടർ വികസന പ്രവർത്തനങ്ങൾ മേൽപ്പറഞ്ഞ പ്രകാരം പരിശോധിക്കുന്നതാണ്.